**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 232** **16-09-2025 - ൽ മറുപടിയ്ക്ക്**

**ചവറ കെ. എം. എം. എൽ. കമ്പനി പരിസര പ്രദേശത്ത് ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം ചവറ കെ. എം. എം. എൽ. കമ്പനി പരിസര പ്രദേശത്ത് ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കായി കെ. എം. എം. എൽ. കമ്പനി ഒരു കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നതിൽ നാളിതുവരെ യാതൊരു പ്രവർത്തനങ്ങളും ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ദേശീയ ഹരിത ട്രിബ്യൂണലിന്റെ നിർദ്ദേശ പ്രകാരം ചവറ കെ. എം. എം. എൽ. കമ്പനി പരിസര പ്രദേശത്ത് ആരോഗ്യ മേഖലയിലെ പ്രവർത്തനങ്ങൾക്കായി ഒരു കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. തുടർന്ന് ചവറ സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ നടപ്പിലാക്കേണ്ട വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച് പ്രൊപോസൽ സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് ചെയർമാന് സമർപ്പിക്കുകയും, പ്രസ്തുത പ്രൊപോസൽ സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് പരിശോധിക്കുകയും, 1,04,25,334/- രൂപയിൽ നിജപ്പെടുത്തി പ്രൊപോസൽ പുനഃ സമർപ്പിക്കുവാൻ നിർദേശിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ദേശീയാരോഗ്യ ദൗത്യം കൊല്ലം ജില്ലാ കാര്യാലയം മുഖേന പ്രൊപ്പോസലുകൾ പുതുക്കാനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.<br><br>ചവറ സാമൂഹിക ആരോഗ്യകേന്ദ്രത്തിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു<br><br>1. ഡെന്റൽ യൂണിറ്റിന്റെ നിർമ്മാണവും അതിലേക്കുള്ള ഉപകരണങ്ങൾ വാങ്ങലും<br><br>2 . വിഷൻ സെന്റർ , ലബോറട്ടറി, കാഷ്വാലിറ്റി, ശ്വാസ് ക്ലിനിക്ക് എന്നിവയ്ക്കുള്ള<br><br>ബയോമെഡിക്കൽ ഉപകരണങ്ങൾ.<br><br>3. സോളാർ പാനലിംഗ് - ഹൈബ്രിഡ് സിസ്റ്റം<br><br>4. മെഡിക്കൽ ഗ്യാസ് പൈപ്പ്ലൈൻ സിസ്റ്റം<br><br>5. ഓക്സിജൻ മാനിഫോൾഡ് റൂം, ഓഫീസ് റൂം, യോഗ ഹാൾ, സബ്സെന്റർ തുടങ്ങിയ സ്ഥലങ്ങളിലെ സിവിൽ ഇലക്ട്രിക്കൽ വർക്കുകൾ |

| | | | |
|---|---|---|---|
| (ബി) | എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്; ടി ഫയലിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ? | (ബി) | ഉത്തരം (എ) പിരിവിൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ